**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** **31-08-2022 - ൽ മറുപടിയ്ക്ക്**

**കൃഷിശ്രീ സെന്ററുകൾ വ്യാപിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത കൃഷി രീതിയോടൊപ്പം യന്ത്രാധിഷ്ഠിതമായ ആധുനിക കാർഷിക മുറകൾ കൂടി സമന്വയിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | കാർഷിക മേഖലയിൽ തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനും കൃഷി ആദായകരമാക്കു ന്നതിനുമായി കൃഷി വകുപ്പ് 2012-2013 മുതൽ അഗ്രോ സർവ്വീസ് സെന്റേഴ്സ് ആൻഡ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പാക്കി വരുന്നു. ടി പദ്ധതിയിലൂടെ പരമ്പരാഗത കൃഷി രീതിയോടൊപ്പം യന്ത്രാധിഷ്ഠിതമായ ആധുനിക കാർഷിക മുറകൾ കൂടി സമന്വയിപ്പിച്ച് കൃഷിപ്പണികൾ നടത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെ 368 കാർഷിക കർമ്മസേനകളും 107 കാർഷിക സേവന കേന്ദ്രങ്ങളും (കൃഷിശ്രീ സെന്ററുകൾ) പ്രവർത്തിച്ചു വരുന്നു. കൂടാതെ 14 ജില്ലകളിലും ജില്ലാ അടിസ്ഥാനത്തിലുള്ള കസ്റ്റം ഹയറിങ് സെൻററുകൾ വഴിയും യന്ത്രാധിഷ്ഠിത സേവനം ലഭ്യമാക്കുന്നുണ്ട്. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് ആരംഭിച്ചിരിക്കുന്ന **'ഞങ്ങളും കൃഷിയിലേക്ക്'** പദ്ധതിയുടെ ഭാഗമായി സേവന മേഖലയിലുണ്ടാകുന്ന കൃഷിക്കൂട്ടങ്ങളെ യന്ത്രാധിഷ്ഠിതമായ ആധുനിക കാർഷിക മുറകൾക്കായി സജ്ജമാക്കുന്ന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വഴിയും മേഖല അടിസ്ഥാനത്തിൽ കാർഷിക യന്ത്ര സേവനം നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും കാർഷിക യന്ത്രം സ്വന്തമായി ലഭ്യമാക്കുന്നതിന് SMAM പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. തെരഞ്ഞെടുത്ത അംഗങ്ങൾക്ക് യന്ത്രോ പകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകി കാർഷിക മേഖലയിൽ തൊഴിൽ |

| | | | |
|---|---|---|---|
| | | | ലഭ്യത ഉറപ്പുവരുത്തുന്നതിനും കൃഷി ആദായകരമാക്കുന്നതിനും ലക്ഷ്യം വച്ചുള്ളതാണ് ഈ പദ്ധതി. കാർഷിക മേഖലയിൽ യന്ത്രോ പകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങൾ, സേവനങ്ങൾ, മറ്റുൽപ്പാദനോപാധികളുടെ ഉല്പാദനം, വിതരണം എന്നിവ മിതമായ നിരക്കിൽ ഒരു കേന്ദ്രത്തിൽ നിന്നു തന്നെ കർഷകർക്ക് ലഭ്യമാകുന്നതിനും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃഷിക്കൂട്ടങ്ങൾ/കാർഷിക കർമ്മസേനകൾ/കൃഷിശ്രീ സെന്ററുകൾ വഴി സാധ്യമാണ്. പരമ്പരാഗത കൃഷിയോടൊപ്പം യന്ത്രാധിഷ്ഠിതമായ ആധുനിക കാർഷിക മുറകൾ കൂടി ഉൾപ്പെടുത്തി കൃഷി ചെലവ് കുറയ്ക്കാനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കാർഷിക സർവ്വ കലാശാലയിൽ ഗവേഷണ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത ഉദ്ദേശ്യത്തോടെ ആരംഭിച്ച കൃഷിശ്രീ സെന്ററുകൾ വ്യാപിപ്പിക്കാൻ പരിപാടിയുണ്ടോ; എങ്കിൽ ഇത്തരം കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്; | (ബി) | ഉണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ 20 കൃഷിശ്രീ സെന്ററുകൾ കൂടി സംസ്ഥാനത്ത് ബ്ലോക്കടിസ്ഥാനത്തിൽ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൃഷിശ്രീ സെന്ററുകൾ വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. കാർഷിക പുരോഗതിക്കാവശ്യമായ ഗുണമേൻമയുള്ള നടിൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉൽപാദ നോപാധികളുടെ ഉൽപ്പാദനവും വിതരണവും.<br>2. കൃഷിപ്പണിക്കാവശ്യമായ കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ ഇവ ഉപയോഗിച്ച് കർഷകർക്ക് മിതമായ നിരക്കിൽ കൃഷിപ്പണികൾ ചെയ്തു കൊടുക്കുക.<br>3. കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക.<br><br>കൃഷിശ്രീ സെന്ററുകൾ വഴി കൃഷി ലാഭകരമാക്കുന്നതിനാവശ്യമായ വിവിധ സേവനങ്ങൾ, നടീൽ വസ്തുക്കൾ, മറ്റ് ഉൽപ്പാദനോപാധികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നു തന്നെ കർഷകർക്ക് ലഭ്യമാക്കാൻ സാധിക്കുന്നു. |
| (സി) | കാർഷിക രംഗത്തെ ഗവേഷണ നേട്ടങ്ങൾ കർഷകരിലേക്കെത്തിക്കുന്നതിന് ആരംഭിച്ചിട്ടുള്ള കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തന | (സി) | കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ 152 ബ്ലോക്കുകളിലായി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. കാർഷിക സർവ്വകലാശാലയുടെ ഒാരോ |

| | | | |
|---|---|---|---|
| | ക്ഷമത വിലയിരുത്തിയിട്ടുണ്ടോ; ഇത്തരം കേന്ദ്രങ്ങളിൽ കാർഷിക ബിരുദ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | | ശാസ്ത്രജ്ഞരെ വീതം ഓരോ ബ്ലോക്കുതല കാർഷിക വിജ്ഞാനകേന്ദ്രത്തിന്റേയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഓരോ പ്രദേശങ്ങൾക്കും അനുസൃതമായ മുൻനിര പ്രദർശനങ്ങൾ, കൃഷിയിട പരീക്ഷണങ്ങൾ, സാങ്കേതിക പരിശീലന പരിപാടികൾ തുടങ്ങിയവ ഇതു വഴി നടപ്പിലാക്കി വരുന്നു. കൂടാതെ ഫാം പ്ലാനിംഗ് വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള പരിപാടികളിലും സർവ്വകലാശാല ശാസ്ത്രജ്ഞരുടെ പങ്കാളിത്തമുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ ബിരുദ വിദ്യാർത്ഥികളെ ഈ വർഷം മുതൽ കാർഷിക വിജ്ഞാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാനുള്ള തുടർ പരിപാടികൾ നടന്നു വരുന്നു. |
| (ഡി) | നൂതന കൃഷി രീതികൾ, നല്ലയിനം നടീൽ വസ്തുക്കൾ എന്നിവ കർഷകരിലേക്കെത്തിക്കുന്നതിന് സുപ്രധാന പങ്ക് വഹിക്കേണ്ട കാർഷിക സർവകലാശാലയുടെ പ്രവർത്തനം ശാക്തീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ? | (ഡി) | നല്ലയിനം നടീൽ വസ്തുക്കൾ കൂടുതലായി കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് കാർഷിക സർവ്വകലാശാല പുതിയ ഒരു ഡയറക്ടറേറ്റ് ഓഫ് സീഡ്സ് & പ്ലാന്റിംഗ് മെറ്റീരിയൽസ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നൂതന കൃഷി രീതികൾ കൂടുതലായി കർഷകരിലേയ്ക്കെത്തിക്കുന്നതുമായി ബന്ധപ്പെട്ട് കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ 152 ബ്ലോക്കുകളിലായി സ്ഥാപിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ ഒരോ ശാസ്ത്രജ്ഞരെ വീതം ഓരോ ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ നോഡൽ ഓഫീസർ മാരായി നിയമിച്ചിട്ടുണ്ട്. ഓരോ പ്രദേശങ്ങൾക്കും അനുസൃതമായ മുൻനിര പ്രദർശനങ്ങൾ, കൃഷിയിട പരീക്ഷണങ്ങൾ, സാങ്കേതിക പരിശീലന പരിപാടികൾ തുടങ്ങിയവ ഇതു വഴി നടപ്പിലാക്കി വരുന്നു. കൂടാതെ ഫാം പ്ലാനിംഗ് വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള പരിപാടികളിലും സർവ്വകലാശാല ശാസ്ത്രജ്ഞരുടെ പങ്കാളിത്തമുണ്ട്. |

സെക്ഷൻ ഓഫീസർ